## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** | **30-06-2022 - ൽ മറുപടിയ്ക്ക്**

## പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പട്ടികജാതി, പട്ടികവർഗ്ഗ കോളനി നവീകരണത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനം നിലച്ചിട്ടുണ്ടോ; എങ്കിൽ ഇത് പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതികൾ ഒറ്റ ഘട്ടമായാണ് നടപ്പിലാക്കുന്നത്. ആയതിന്റെ പ്രവർത്തനം നിലച്ചിട്ടില്ല. |
| (ബി) | കോളനി നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കോളനി നവീകരണ പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗം നടത്തുകയും, ഡയറക്ടറേറ്റ് തലത്തിലും, കൂടാതെ ജില്ലാ കളക്ടർമാർ, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹണ ഏജൻസികളുടെ യോഗം വിളിച്ച് ചേർക്കുകയും, പ്രവൃത്തി പുരോഗതി വിലയിരുത്തുകയും, പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഫീൽഡ് തലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പിലെ ജില്ലാ തല ഉദ്യോഗസ്ഥർ ഇടപെടുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | 2020-21 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ